**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 407** **28-06-2022 - ൽ മറുപടിയ്ക്ക്**

**പതിനാലാം പഞ്ചവത്സര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ,<br>ശ്രീ. പി. ജെ. ജോസഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | പതിനാലാം പഞ്ചവത്സര പദ്ധതിയുടെ കരട് പ്രസിദ്ധീകരിച്ചിട്ടില്ല. പതിനാലാം പഞ്ചവത്സര പദ്ധതി സമീപന രേഖയുടെ കരട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | പൊതുനിക്ഷേപം (ആരോഗ്യം, സ്കൂൾ, വിദ്യാഭ്യാസം, പാർപ്പിടം) സാമൂഹ്യ ക്ഷേമം, സാമൂഹിക നീതി, ലിംഗ നീതി എന്നീ മേഖലകളിൽ കേരളം ആർജ്ജിച്ച കരുത്ത് പടുത്തുയർത്തുക. മാനവശേഷി ഉപയോഗപ്പെടുത്തി പൊതു വിജ്ഞാന സമൂഹം കെട്ടിപ്പടുക്കുകയും സമ്പദ് വ്യവസ്ഥയിലെ ഉല്പാദന ശക്തികളുടെ വളർച്ച വേഗത്തിലാക്കുകയും ചെയ്യുക, ശാസ്ത്രം, സാങ്കേതികവിദ്യ, അത്യാധുനിക നിപുണതകൾ, കൃഷി, വ്യവസായം, പശ്ചാത്തല സൗകര്യ വികസനം, വിവരസാങ്കേതിക വിദ്യ, വിനോദസഞ്ചാരം, ചെറുകിട വ്യാപാരം എന്നിവ ഉൾപ്പെടുന്ന വരുമാനദായക സേവനങ്ങളുടെ വളർച്ച മെച്ചപ്പെടുത്തുക, അധുനികവും തൊഴിൽദായകവുമായ സമ്പദ് വ്യവസ്ഥ കെട്ടിപ്പടുക്കുക. ഉന്നത വിദ്യാഭ്യാസം ആധുനികവൽക്കരിക്കുക, അതിദാരിദ്ര്യം ഇല്ലാതാക്കുക. മാലിന്യ നിർമ്മാർജ്ജനത്തിന് സമഗ്രവും നൂതനവും ആയ സമ്പ്രദായങ്ങൾ സ്ഥാപിക്കുക, വളർച്ചയുടെ ചാലക ശക്തിയാകാൻ പ്രാദേശിക സർക്കാരുകളെ സഹായിക്കുക, എല്ലാവരെയും ഉൾക്കൊള്ളുന്ന വികസന നയം പ്രോൽസാഹിപ്പിക്കുക എന്നിവയാണ് പതിനാലാം പഞ്ചവത്സര പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങളായി കരട് സമീപന രേഖയിൽ വ്യക്തമാക്കിയിരിക്കുന്നത്. |
| (സി) | നിലവിലെ സാമ്പത്തിക സ്ഥിതി അനുസരിച്ച് | (സി) | പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന്റെയും |

| | | | |
|---|---|---|---|
| | പ്രസ്തുത ലക്ഷ്യങ്ങൾ നേടാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ; വിശദമാക്കാമോ; | | നടപ്പിലാക്കുന്നതിന്റെയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലൂടെയും അതു വഴി വിഭവങ്ങളുടെ മെച്ചപ്പെട്ട വിനിയോഗം പ്രോത്സാഹിപ്പിക്കുന്നതിലൂടെയും പ്രസ്തുത ലക്ഷ്യങ്ങൾ നേടാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഡി) | സുസ്ഥിര സാമ്പത്തിക വികസനത്തിനായി പുതിയ സമീപനം സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | പതിനാലാം പഞ്ചവത്സര പദ്ധതിയിൽ കേരളത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും സമഗ്രമായ അഭിവൃദ്ധിയും സുസ്ഥിരതയും സാമൂഹിക നീതിയും ഉറപ്പ് വരുത്തുന്നതിന് കരട് സമീപന രേഖ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ